ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ.കുഞ്ഞിമമ്മു പറവത്ത്, എം.ടെക്, എം.ബി.എ)

ഉത്തരവ് നം. ബി2- 73826/2022/സി.ഇ തീയതി : 12/12/2023

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.കിഴക്കുടൻ അജിത് മോഹനനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം -
1. സ.ഉ(സാധാ) നം. 152/2020/ധന തീയതി 05/11/2020.
2. ഈ കാര്യാലയത്തിലെ 30/11/2022 ലെ ഇതേ നമ്പരായ കുറ്റാരോപണ മെമ്മോ.
3. ഈ കാര്യാലയത്തിലെ 17/01/2023 ലെ ഇതേ നമ്പരായ നോട്ടീസ്.
4. കേരള പി.എസ്.സി സെക്രട്ടറിയുടെ 13/11/2023 ലെ എ1-3/45/2019/കെ.പി.എസ്.സി നമ്പർ കത്ത്.

ഹാർബർ എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 19/05/2014 ന് രാവിലെ ജോലിയിൽ പ്രവേശിച്ച ശ്രീ.കിഴക്കുടൻ അജിത്ത് മോഹനൻ എന്ന താങ്കൾ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി 01/07/2019 ലെ ബി3-3350/2017/സി.ഇ നമ്പർ ഉത്തരവ് പ്രകാരം 2 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ആയത് 31/07/2022 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 01/08/2022 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കാത്തതിനാൽ താങ്കൾക്ക് സൂചന (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. പ്രസ്തുത മെമ്മോയിൽ താങ്കൾക്കെതിരെ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചിരുന്നു. എന്നാൽ ആയതിന് മറുപടിയൊന്നും ലഭിക്കാത്തതിനാൽ താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്തതായി അറിയിച്ചുകൊണ്ട് മൂന്നാം സൂചന പ്രകാരം നോട്ടീസ് നൽകുകയും താൽക്കാലിക തീരുമാനം സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് 14 ദിവസത്തെ സാവകാശം അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസ് രജിസ്റ്റേർഡ് വിത്ത് എ.ഡി ആയി 19/01/2023 ന് ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽ വിലാസത്തിൽ അയച്ചുവെങ്കിലും ആയത് വിതരണം ചെയ്യപ്പെടാതെ "unclaimed" എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കി നൽകുകയാണുണ്ടായത്. തുടർന്ന് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നോട്ടീസ് പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ

നൽകിയതിൻപ്രകാരം ആയത് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന് മറുപടി നൽകുന്നതിന് 14 ദിവസം സാവകാശം അനുവദിച്ചിരുന്നുവെങ്കിലും നിശ്ചിത സമയപരിധിയ്ക്കകം താങ്കൾ മറുപടി നൽകിയിരുന്നില്ല.

മേൽ സാഹചര്യത്തിൽ മൂന്നാം പരാമർശ പ്രകാരം കൈക്കൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കാസർഗോഡ് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ.കിഴക്കൂടൻ അജിത് മോഹനനെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്ന 01/08/2022 തീയതി മുൻകാല പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന നീക്കം ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.കിഴക്കൂടൻ അജിത് മോഹനൻ
കിഴക്കൂടൻ ഹൗസ്
കുട്ടനെല്ലൂർ പി.ഒ
കറുവപ്പടി, തൃശ്ശൂർ – 680 662

പകർപ്പ്: 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തര മേഖല, കോഴിക്കോട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കാസർഗോഡ്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, കാസർഗോഡ്
4. ഐ.ടി.സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഈ കാര്യാലയത്തിലെ ബി3 സെക്ഷന്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/Sh

17/11